**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 721** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങൾ പിന്തുടരുന്ന സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം മാറ്റി ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സഹകരണ ഓഡിറ്റ് ശക്തമാക്കുന്നതിനും ആധുനികകാല വെല്ലുവിളികളെ നേരിടുന്നതിനും സംഘങ്ങളെ ശാക്തീകരിക്കുന്നതിനുമായി പൊതുവിൽ അംഗീകരിച്ചിട്ടുള്ള Accounting Principle പ്രകാരമുള്ള Double Entry Book Keeping System നടപ്പിലാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 34A പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതിക്ക് അനുസൃതമായി സഹകരണ സ്ഥാപനങ്ങൾ പിന്തുടരുന്ന സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം മാറ്റി ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറുന്നതിനും സഹകരണ സംഘങ്ങളിൽ യൂണിഫൈഡ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സഹകരണ സ്ഥാപനങ്ങളിലേക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി നടന്ന ടെണ്ടർ നടപടികളിൽ പങ്കെടുത്തതും തുടർന്ന് ടെക്നിക്കൽ ബിഡിൽ എല്ലാ യോഗ്യതകളും ഉണ്ടെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയതുമായ Tata Consultancy Services (T.C.S.) നെ ഉൾപ്പെടുത്തി ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) , സെക്രട്ടറി (ഐ.ടി.), സ്പെഷ്യൽ സെക്രട്ടറി (സഹകരണം), സഹകരണ സംഘം രജിസ്ട്രാർ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ